## ജില്ലാ പ്രോജക്ട് ഓഫീസറുടെ നടപടിക്രമം

## എസ്എസ്എ, എറണാകുളം

## (ഹാജർ : ശ്രീമതി എം സുഹറ ബീവി.)

വിഷയം – എസ്എസ്എ എറണാകുളം – സർക്കാർ സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യ യൂണിഫോം പദ്ധതി തുക അനുവദിച്ച് ഉത്തരവാകുന്നു.

സൂചന –
1. G O (MS) No 183/2014/ G Edn തീയതി 04/09/14
2. സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറുടെ 18/09/2014 ലെ യൂണിഫോം വിതരണം സംബന്ധിച്ച മാർഗ്ഗരേഖ
3. AWP & B 2014-15

**ഉത്തരവ് നം എ2–1233/14/SSA/EKM തീയതി 19/09/2014**

2014-15 വർഷത്തെ പദ്ധതി പ്രകാരം സർക്കാർ സ്കൂളുകളിലെ ഒന്നാം ക്ലാസ്സുമുതൽ എട്ടാം ക്ലാസുവരെയുള്ള എല്ലാ പെൺകുട്ടികൾക്കും, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എല്ലാ ആൺകുട്ടികൾക്കും, ബി പി എൽ വിഭാഗത്തിൽപ്പെട്ട ആൺകുട്ടികൾക്കും സൗജന്യമായി യൂണിഫോം വിതരണം ചെയ്യുന്നതിനാവശ്യമായ തുക എല്ലാ ഹെഡ്മാസ്റ്റർമാർക്കും അടിയന്തിരമായി നൽകണമെന്ന് സൂചന പ്രകാരം സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ നിർദ്ദേശിച്ചിട്ടുണ്ട്.

അതിന്റെ അടിസ്ഥാനത്തിൽ ടി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സൗജന്യമായി യൂണിഫോം വിതരണം ചെയ്യുന്നതിന് ഒരു വിദ്യാർത്ഥിക്ക് രണ്ട് ജോഡി യാണിഫോം വാങ്ങുന്നതിന് 400 രൂപ ക്രമത്തിൽ സ്കൂൾ ഹെഡ്മാസ്റ്റർക്ക് തുക അനുവദിക്കുന്നതിന് ജില്ലയിലെ എല്ലാ ബി പി ഒ മാർക്കും അനുമതി നൽകി ഉത്തരവാകുന്നു. തുക ചെലവഴിക്കുന്നതിനുള്ള നടപടിക്രമങ്ങളും, മറ്റ് നിർദ്ദേശങ്ങളും അടങ്ങിയ മാർഗ്ഗരേഖ അടക്കം ചെയ്യുന്നു.

ബി പി ഒ മാർ യൂണിഫോം വിതരണവുമായി ബന്ധപ്പെട്ട ചെലവിന്റെ കണക്കുകളും, വൗച്ചറുകളും സമാഹരിച്ച് നിശ്ചിത ദിവസത്തിനകം ക്രമീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം പിഴപലിശ സഹിതം മുഴുവൻ തുകയും തിരികെ ഈടാക്കുന്നതായിരിക്കും.

ഈ ചെലവ് ' AWP & B 2014-15 - Provision of 2 set of uniform" എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

OFFICE OF THE DISTRICT PROJECT OFFICER ERNAKULAM COCHIN-11 S.S.A

ജില്ലാ പ്രോജക്ട് ഓഫീസർ
എറണാകുളം
15/9/14

സ്വീകർത്താവ്

എല്ലാ ബി പി ഒ മാർക്കും

ഉള്ളടക്കം :

സൂചന 1, 2

പകർപ്പ്
1. അക്കൗണ്ട്സ് ഓഫീസർ
2 അക്കൗണ്ട്സ് സെക്ഷൻ
3 എ2 സെക്ഷൻ
4 സംഭരണ ഫയൽ